ആരോഗ്യ മേഖല വിദേശ കുത്തകകളുടെ കൈപിടിയിലാക്കാൻ അനുവദിക്കില്ല: മുഖ്യമന്ത്രി

കൊച്ചി: ആരോഗ്യ മേഖലയിലെ വൻകിട കുത്തകകളുടെ ചൂഷണത്തെ കേരളം ഒറ്റക്കെട്ടായി നേരിടുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. കൊച്ചി കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നിർമ്മിച്ച ബ്ലോക്കിന്റെയും, ജനകീയ ആരോഗ്യ സുരക്ഷാ പദ്ധതിയുടെയും ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയിരുന്നു അദ്ദേഹം. കൊച്ചിൻ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽസ് സൊസൈറ്റി പ്രസിഡന്റ് എം.ഒ. ജോൺ അദ്ധ്യക്ഷത വഹിച്ചു. സൊസൈറ്റി സെക്രട്ടറി അജയ് തറയിൽ, വൈസ് പ്രസിഡന്റ് അഡ്വ. ബി.എ. അബ്ദുൽ മുത്തലിബ്, ഹൈബി ഈഡൻ എം.പി, കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. വി.കെ.മിനിമോൾ, എം.എൽ.എമാരായ ടി.ജെ വിനോദ്, മുഹമ്മദ് ഷിയാസ്, ഉമ തോമസ് എന്നിവരും മുൻ എംഎൽഎമാരായ ഡൊമിനിക് പ്രസന്റേഷൻ,സൊസൈറ്റി ഡയറക്ടർമാരായ അഗസ്റ്റസ് സിറിൽ, ടി.എച്ച് റഷീദ്, അലപ്പാട്ട് മുരളീധരൻ, ഡോ. ഹാസീന മുഹമ്മദ്, ഇക്ബാൽ വലിയ വീട്ടിൽ, ഇന്ദിരാഭായ് പ്രസാദ്, എൻ.എ.അബ്രഹാം, പി.ഡി. അശോകൻ, കെ.പി. വിജയകുമാർ, മെഡിക്കൽ സ്പ്രണ്ട് ഡോ. എസ്. സച്ചിദാനന്ദ കമ്മത്ത് എന്നിവർ പ്രസംഗിച്ചു.



കൊച്ചി കടവന്ത്ര ഇന്ദിരഗാന്ധി സഹകരണ ആശുപത്രിയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നിർമ്മിച്ച സുവർണ്ണ ജൂബിലി ബ്ലോക്കിന്റെ ഉദ്ഘാടനം മുഖ്യ മന്ത്രി വി.ഡി.സതീശൻ നിർവ്വഹിക്കുന്നു. ഇക്ബാൽ വലിയ വീട്ടിൽ,അഗസ്റ്റസ് സിറിൽ,അഡ്വ. ബി.എ. അബ്ദുൽ മുത്തലിബ്, അജയ് തറയിൽ, ഉമ തോമസ് എം.എൽ.എ, ഹൈബി ഈഡൻ എം.പി, എം.എ ജോൺ, മുഹമ്മദ് ഷിയാസ് എം.പി,എൽ.എ, ടി.ജെ.വിനോദ് എം.എൽ.എ, മേയർ അഡ്വ.വി.കെ.മിനിമോൾ,ഡോമിനിക് പ്രസന്റേഷൻ, ഇന്ദിരാ ഭായ് പ്രസാദ്, ഡോ. ഹസീന മുഹമ്മദ്, ബി.ബിന്ദു മാധവ് തുടങ്ങിയവർ സമീപം

വാണിയക്കാട് പൊക്കാളി പാടശേഖരം നികത്താൻ വീണ്ടും നീക്കം; നാട്ടുകാരുടെ പ്രതിഷേധം

• വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ നൽകി

പറവൂർ: പറവൂർ നഗരസഭയും കോട്ടുവള്ളി പഞ്ചായത്തും അതിർത്തി പങ്കിടുന്ന വാണിയക്കാട് പാലത്തിന് സമീപത്തെ പൊക്കാളി പാടശേഖരം അനധികൃതമായി നികത്താൻ വീണ്ടും നീക്കം. ഇതിനായി ഇന്നലെ രാവിലെ ജെസിബി ഉപയോഗിച്ച് വരമ്പ് പൊളിച്ചു നീക്കുന്നതിനിടെ നാട്ടുകാർ തടഞ്ഞു. വിവരമറിഞ്ഞ് പറവൂർ പൊലീസ് സ്ഥലത്തെത്തി. തുടർന്ന് വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ നൽകിയതോടെയാണ് നാട്ടുകാർ പിരിഞ്ഞുപോയത്.


വാണിയക്കാട് പൊക്കാളി പാടശേഖരം മണ്ണിട്ട് നികത്തിയ നിലയിൽ

വർഷങ്ങളായി പൊക്കാളി കൃഷി ചെയ്തിരുന്ന പാടശേഖരം 2014 മുതൽ തരിശിട്ടിരിക്കുകയാണ്. അന്ന് പാടശേഖരം നികത്താനുള്ള നീക്കം സി.പി.എം പ്രവർത്തകർ ഇടപെട്ട് തടഞ്ഞിരുന്നു. ഇതിന്റെ പേരിൽ അന്നത്തെ വാണിയക്കാട് ബ്രാഞ്ച് സെക്രട്ടറിക്ക് നേരെ നിലനികത്തൽ സംഘത്തിന്റെ വധഭീഷണിയുണ്ടായെങ്കിലും പ്രവർത്തകർ പ്രതിഷേധത്തിൽ നിന്ന് പിന്മാറിയില്ല.

തുടർന്ന് കെ.എസ്.കെടിയു, കർഷകസംഘം എന്നിവയുടെ നേതൃത്വത്തിൽ സമരം സംഘടിപ്പിക്കുകയും അന്നത്തെ കെ.എസ്.കെടിയു നേതാവായിരുന്ന എം.വി. ഗോവിന്ദൻ ഉൾപ്പെടെയുള്ള നേതാക്കൾ സ്ഥലം സന്ദർശിക്കുകയും ചെയ്തിരുന്നു. ശക്തമായ ജനരോഷത്തെ തുടർന്ന് വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ നൽകിയതോടെയാണ് അന്ന് നികത്തൽ നീക്കം ഉപേക്ഷിച്ചത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഭരണ മാറ്റമുണ്ടായതോടെയാണ് പാടശേഖരം നികത്താനുള്ള നീക്കം വീണ്ടും സജീവമായതെന്നാണ് നാട്ടുകാരുടെ ആരോപണം. നികത്തുന്നതിനായി കൽപ്പൊടിയുമായി എത്തിയ വാഹനങ്ങൾ നാട്ടുകാർ തടയുകയും ശക്തമായ പ്രതിഷേധം ഉയർത്തുകയും ചെയ്തു. പ്രദേശത്തെ ഇന്ത്യൻ റിനിയുടെ പിന്തുണയോടെയാണ് നികത്തൽ ആരംഭിച്ചതെന്നും നാട്ടുകാർ ആരോപിക്കുന്നു.

വില്ലേജ് ഓഫീസറുടെ നോട്ടീസിനെ തുടർന്ന് നിലവിൽ നികത്തൽ നിർത്തിവെച്ചിരിക്കുകയാണ്. എന്നാൽ ഉന്നത ഇടപെടലിലൂടെ വീണ്ടും നികത്തൽ നടത്താൻ നീക്കമുണ്ടാകുമോയെന്ന ആശങ്കയിലാണ് പ്രദേശവാസികൾ. അനധികൃത നിലംനികത്തൽ അനുവദിക്കില്ലെന്നും നീക്കം തുടർന്നാൽ ശക്തമായ സമരമുൾപ്പെടെ രംഗത്തിറങ്ങുമെന്നും സി.പി.ഐ പ്രാദേശിക പ്രവർത്തകർ അറിയിച്ചു.


കൊച്ചി സിറ്റി പൊലീസ് കമ്മിഷണറായി ആർ. നിശാന്തിനി ചുമതലയേൽക്കുന്നു

ആർ. നിശാന്തിനി കൊച്ചി സിറ്റി പൊലീസ് കമ്മിഷണറായി ചുമതലയേറ്റു

കൊച്ചി: കൊച്ചി സിറ്റി പൊലീസ് കമ്മിഷണറായി ആർ. നിശാന്തിനി ചുമതലയേറ്റു. കേരള കേഡറിലെ 2008 ബാച്ച് ഐ.പി.എസ്. ഉദ്യോഗസ്ഥയായ ആർ. നിശാന്തിനി, കൊച്ചി സിറ്റി പോലീസ് കമ്മിഷണർ പദവിയിലെത്തുന്ന ആദ്യ വനിതാ പോലീസ് ഉദ്യോഗസ്ഥയാണ്.

ചുമതലയേറ്റ പുതിയ കമ്മിഷണറെ, പടിയിറങ്ങുന്ന സിറ്റി പോലീസ് കമ്മിഷണർ കാളിരാജ് മഹേഷ്കുമാർ , ഡി.സി.പി.മാരായ മോഹിത് റാവത്ത് , അരുൺ കെ. പവിത്രൻ . എന്നിവർ ചേർന്ന് ഹാരമണിയിച്ച് സ്വീകരിച്ചു.


ആസ്റ്റർ ഡി എം ഹൗണ്ടേഷൻ നൽകിയ ലേസർ പ്രിന്റർ ജില്ലാ പോലീസ് മേധാവി കെ എസ് സുദർശൻ. സനൽകുമാറിന് കൈമാറുന്നു

സ്വയംതൊഴിലിന് കൈത്താങ്ങ്; സനൽകുമാറിന് ലേസർ പ്രിന്റർ കൈമാറി

ആലുവ: ഭിന്നശേഷിക്കാരനായ ഓടക്കാലി സ്വദേശി സനൽകുമാറിന് സ്വയംതൊഴിൽ സംരംഭം കൂടുതൽ സുഗമമാക്കുന്നതിനായി ആസ്റ്റർ ഡി.എം ഫൗണ്ടേഷൻ ലേസർ പ്രിന്റർ നൽകി. ജില്ലാ പൊലീസ് മേധാവി കെ.എസ്. സുദർശൻ ഐ.പി.എസ് പ്രിന്റർ കൈമാറി.

സ്കോളിയോസിസ് ബാധിതനായ സനൽകുമാർ കോതമംഗലം പീസ് വാലിയിലെ ഫിസിയോതെറാപ്പി ചികിത്സയിലൂടെയാണ് സ്വന്തം കാര്യങ്ങൾ സ്വയം നിർവഹിക്കാനുള്ള ശേഷി വീണ്ടെടുത്തത്. വീട്ടിൽ ഇന്റസേവന കേന്ദ്രം നടത്തിവരുന്ന സനൽകുമാറിന് പ്രിന്റർ ഇല്ലാത്തതിനാൽ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റാൻ മൂവ്വക്ക വാഹനത്തിൽ കിലോമീറ്ററുകൾ സഞ്ചരിച്ച് മറ്റ് കേന്ദ്രങ്ങളിൽനിന്ന് പ്രിന്റ് എടുത്തുകൊണ്ടുവരേണ്ട സാഹചര്യമുണ്ടായിരുന്നു.

സനൽകുമാറിന്റെ ഈ പ്രയാസം പീസ് വാലി അധികൃതർ ആസ്റ്റർ ഡി.എം ഫൗണ്ടേഷന്റെ ശ്രദ്ധയിൽപ്പെടുത്തിയതോടെയാണ് സഹായം ലഭ്യമാക്കിയത്. ഏകദേശം മുക്കാൽ ലക്ഷം രൂപ വിലവരുന്ന ലേസർ പ്രിന്ററാണ് ഫൗണ്ടേഷൻ സമ്മാനിച്ചത്.

ചടങ്ങിൽ അഡീഷണൽ എസ്.പി ടി.ബി. വിജയൻ, ലൈസൻ ഓഫീസർ മനോജ്, ആസ്റ്റർ ഡി.എം ഫൗണ്ടേഷൻ എ.ജി.എം ലത്തീഫ് കാസിം, പീസ് വാലി ഭാരവാഹികളായ രാജീവ് പള്ളമുരുത്തി, ഷംസുദ്ദീൻ വി.എം എന്നിവർ പങ്കെടുത്തു.

അഡീഷണൽ ജഡ്ജി വിളിച്ചിട്ടില്ല; ഒരു ഇടപെടലും നടത്തിയിട്ടില്ല: കാളിരാജ് മഹേഷ് കുമാർ

കൊച്ചി: ചേരാനല്ലൂർ വാഹനാപകടവുമായി ബന്ധപ്പെട്ട് ജഡ്ജി തന്നെ ഒരു തരത്തിലും ബന്ധപ്പെട്ടിട്ടില്ലെന്ന് കൊച്ചി സിറ്റി പൊലീസ് കമ്മിഷണറായിരുന്ന കാളിരാജ് മഹേഷ് കുമാർ. കേസിൽ പൊലീസിന്റെ ഭാഗത്തുനിന്ന് വീഴ്ച യുണ്ടായി എന്ന ആരോപണം മൂലം അച്ചടക്ക നടപടി നേരിടുയാളാണ് കാളിരാജ്.പ്രതികളുമായി ബന്ധമുള്ള ആരും തന്നെ വിളിച്ച് സംസാരിച്ചിട്ടില്ലെന്നും ഇനി ഒരു അവസരം ലഭിക്കാത്തതുകൊണ്ടാണ് ഇക്കാര്യം തുറന്ന് പറഞ്ഞതെന്നും കാളിരാജ് പറഞ്ഞു.

കേസ് തുടക്കം മുതൽ മുന്നോട്ട് പോയത് നല്ല രീതിയിലാണെന്നും കമ്മിഷണർ പ്രതികരിച്ചു. കേസിലെ അന്വേഷണത്തിന്റെ മേൽനോട്ടത്തിൽ വീഴ്ചയുണ്ടായെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയുടെ നിർദേശപ്രകാരം കാളിരാജിനെ സ്ഥാനത്തുനിന്ന് മാറ്റിയിരുന്നു. ആർ. നിശാന്തിനിയെ പുതിയ കൊച്ചി സിറ്റി പോലീസ് കമ്മിഷണറായി നിയമിക്കുകയും ചെയ്തു.

പൊലീസ് വീഴ്ചയിൽ എസ്എച്ച്ഒ ഉൾപ്പെടെ നാല് പൊലീസുകാരെ സസ്പെൻഡ് ചെയ്തിരുന്നു. എസ്എച്ച്ഒ വിശ്വജിത്ത്, സിഐ ശ്യാംകുമാർ,എസ്ഐ മനോജ്, സിപിഒ അരുൺ ജിത്ത് എന്നിവർക്ക് എതിരെയായിരുന്നു നടപടി. എഡിജിപി പി വിജയന്റെ റിപ്പോർട്ടിലും പൊലീസ് കമ്മിഷണർക്ക് വീഴ്ച പറ്റിയതായി സൂചിപ്പിച്ചിരുന്നു.

ബന്ധുവിനെ കുത്തിക്കൊലപ്പെടുത്തിയ കേസിൽ പ്രതിക്ക് ജീവപര്യന്തം തടവ്

പറവൂർ: ദാമ്പത്യ തർക്കത്തെക്കുറിച്ച് സംസാരിക്കാനെത്തിയ ഭാര്യയുടെ ബന്ധുവിനെ കുത്തിക്കൊലപ്പെടുത്തുകയും മറ്റൊരു ബന്ധുവിനെ ആക്രമിച്ച് പരിക്കേൽപ്പിക്കുകയും ചെയ്ത കേസിൽ പ്രതിക്ക് ജീവപര്യന്തം തടവും ഒരു ലക്ഷം രൂപ പിഴയും ശിക്ഷ. പെരുമ്പാവൂർ വെങ്ങോല പെരുമ്പാനി തച്ചയിലാൻ വീട്ടിൽ മക്കാർ മകൻ അഷ്റ് ഫിനെയാണ് (43) പറവൂർ അഡീഷണൽ സെഷൻസ് കോടതി-രണ്ട് ജഡ്ജി ടി.ഡി. ബൈജു ശിക്ഷിച്ചത്.

കൊലപാതകത്തിന് ജീവപര്യന്തം തടവും ഒരു ലക്ഷം രൂപ പിഴയുമാണ് വിധിച്ചത്. പിഴയൊടുക്കിയില്ലെങ്കിൽ രണ്ടുമാസം അധിക കഠിനതടവ് അനുഭവിക്കണം. മറ്റൊരു ബന്ധുവിനെ ആക്രമിച്ചതിന് മൂന്നുവർഷം കഠിനതടവും തൊഴിഴ് നശിപ്പിച്ചതിന് അഞ്ചുവർഷം കഠിനതടവും 25,000 രൂപ പിഴയും വിധിച്ചിട്ടുണ്ട്.

ചെലവായ തുക പിഴയായി ഈടാക്കി നൽകാനും വിധിച്ചു. പ്രോസിക്യൂഷൻ ഭാഗത്ത് 21 സാക്ഷികളെ വിസ്തരിച്ചു. 25 രേഖകളും 10 തൊണ്ടിമുതലുകളും ഹാജരാക്കി. പ്രോസിക്യൂഷൻ ഭാഗത്തെ പ്രധാന സാക്ഷികൾ കൊല്ലപ്പെട്ടയാളുടെ ഭാര്യയും മകനുമാണ്. ഭാര്യയുമായി നിരന്തരം കലഹിക്കുകയും ഉപദ്രവിക്കുകയും ചെയ്തതിനെത്തുടർന്ന് കുട്ടികളുമായി ദർത്താവിന്റെ വീട്ടിൽനിന്ന് ഇറങ്ങിപ്പോയ ഭാര്യ പിതൃസഹോദരന്റെ വീടിനടുത്തുള്ള വാടകവീട്ടിലാണ് താമസിച്ചിരുന്നത്. ഇവിടെയെത്തിയ പ്രതി കൈയിൽ കരുതിയിരുന്ന കത്തികൊണ്ട് ഭാര്യയുടെ ബന്ധുവായ വെങ്ങോല പ്ലാവിൻചുവട് പാറപ്പുറം വീട്ടിൽ മുഴ്താഫയുടെ മകൻ ഷാജിയെ (49) കുത്തിപ്പരിക്കേൽപ്പിച്ചു. കുടെയുണ്ടായിരുന്ന മറ്റൊരു ബന്ധുവായ പുവിൻമുകുന്ന് വള്ളുരാൻ വീട്ടിൽ അബ്ദുൾ ഖാദറിന്റെ മകൻ അഷ്റഫ് എന്ന കുഞ്ഞുമോനെ ചവിട്ടി വീഴ്ത്തുകയും ചെയ്തു. ഇതിനിടെ കത്തിയുടെ ബാക്കി ഭാഗവുമായി പ്രതി രക്ഷപ്പെട്ടു. ഗുരുതര മായി പരിക്കേറ്റ ഷാജിയെ അന്നുതന്നെ കോലഞ്ചേരി എം.ഒ.എസ്.സി. മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു.



പ്രതിഭാഗത്തുനിന്നുള്ള സാക്ഷികൾ കുറുമാറിയിട്ടും കൊലപാതകത്തിന് ഉപയോഗിച്ച കത്തിയുടെ ബാക്കി ഭാഗം കണ്ടെടുക്കാൻ കഴിയാതിരുന്നിട്ടും മറ്റു ശക്തമായ സാക്ഷിമൊഴികളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ പ്രതിയുടെ കുറ്റം സംശയാതീതമായി തെളിയിക്കാൻ പ്രോസിക്യൂഷന് സാധിച്ചു.

പെരുമ്പാവൂർ പോലീസ് സബ് ഇൻസ്പെക്ടർ പി.എ. ഫൈസൽ രജിസ്റ്റർ ചെയ്ത കേസിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച് പെരുമ്പാവൂർ പോലീസ് ഇൻസ്പെക്ടർ ബൈജു പൗലോസാണ്. അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറും ഗവൺമെന്റ് പ്ലീഡറുമായ അഡ്വ. എം.ബി. ഷാജി, അഡ്വ. രാഖി എസ്. എന്നിവർ പ്രോസിക്യൂഷനുവേണ്ടി ഹാജരായി.

നാനോ റോബോട്ടിക്സ് ആരോഗ്യരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും: മുഖ്യമന്ത്രി

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകളും മനുഷ്യജീവിതത്തിന്റെ വിവിധ മേഖലകളിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.

എടത്തല കുഴിവേലിപ്പടി കെ.എം.ഇ.എ എൻജിനീയറിങ് കോളേജിന്റെ രജതജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം, സിൽവർ ജൂബിലി അക്കാദമിക് ബ്ലോക്ക്, സ്പോർട്സ് കോംപ്ലക്സ് എന്നിവയുടെ സമർപ്പണം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.


മുപ്പത്തിയൊന്നാമത് സീനിയർ ഫെൻസിങ് ചാമ്പ്യൻഷിപ്പ് ടി.ജെ. വിനോദ് എം എൽ എ ഉദ്ഘാടനം ചെയ്യുന്നു

സമ്പൂർണ സൈബർ റെസിലിയന്റ് കേരളത്തിന് നാളെ തുടക്കം

കൊച്ചി: സൈബർ കുറ്റകൃത്യങ്ങളെ പ്രതിരോധിക്കാനും ഡിജിറ്റൽ സുരക്ഷയെക്കുറിച്ച് അവബോധം വളർത്താനും ലക്ഷ്യമിട്ട് ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിൽ കേരള പൊലീസ് നടപ്പാക്കുന്ന ക്ലിക് പ്രചാരണത്തിന് നാളെ തുടക്കമാകും.

2027ഓടെ സമ്പൂർണ സൈബർ റെസിലിയന്റ് കേരളം സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. മലയാളത്തിന്റെ മഹാനടൻ മമ്മട്ടിയും ക്യാംപെയ്നിന്റെ ഭാഗമാകും. രാവിലെ 10.30നു കൊച്ചി രാജ്ഭവൻ ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കും. ടി.ജെ. വിനോദ് എം.എൽ.എ അധ്യക്ഷനാവും. മലയാളത്തിന്റെ പ്രിയതാരം മമ്മട്ടി, ഇന്ത്യ വിദ്യാർഥ്യസ മന്ത്രി റോജി എം. ജോൺ, സോഹോ കോർപറേഷൻ സ്ഥാപകൻ ശ്രീധർ വെമ്പു, സംസ്ഥാന പൊലീസ് മേധാവി റവാഡ അഡാ ചന്ദ്രശേഖർ, ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി പി. വിജയൻ തുടങ്ങിയവർ പങ്കെടുക്കും. സൈബർ സേഫ് വില്ലേജ്, സൈബർ റെസിലിയന്റ് സെന്ററുകൾ, സൈബർ ക്യാപ്ടൻമാർ, സൈബർ ഹസ്ത് റെസ്പോണ്ടേഴ്സ് എന്നിവരുടെ പ്രഖ്യാപനവും ചടങ്ങിൽ നടക്കും.

ഡിജിറ്റൽ കുറ്റകൃത്യങ്ങൾക്കും ഓൺലൈൻ തട്ടിപ്പുകൾക്കുമെതിരെ ജനങ്ങളെ അണിനിരത്തുകയും സൈബർ സുരക്ഷ സമൂഹത്തിന്റെ കൂട്ടുത്തരവാദിത്തമായി വളർത്തുകയുമാണ് ലക്ഷ്യം. സൈബർ ആക്രമണങ്ങളെ തിരിച്ചറിയാനും പ്രതിരോധിക്കാനും ആക്രമണങ്ങൾ ഉണ്ടായാൽ വേഗത്തിൽ അറിയിച്ചുവിച്ച് സുരക്ഷിതമായി മുന്നോട്ടുപോകാനുമുള്ള വ്യക്തികളുടെയും സമൂഹത്തിന്റെയും ശേഷിയാണ് സൈബർ റെസിലിയൻസ്. വിദ്യാർഥ്യസ സ്ഥാപനങ്ങൾ, വ്യവസായ മേഖല, സാമൂഹിക സംഘടനകൾ, യുവജനങ്ങൾ, പൊതുജനങ്ങൾ എന്നിവരെ ഒരുമിപ്പിച്ച് സൈബർ സുരക്ഷയെ ജനകീയ പ്രസ്ഥാനമാക്കി മാറ്റുകയാണ് ക്ലിക്കിലൂടെ വിഭാവനം ചെയ്യുന്നത്. സൈബർ കുറ്റകൃത്യങ്ങൾക്കെതിരായ പ്രതിരോധത്തിൽ കേരള പൊലീസിനൊപ്പം പൊതുജനങ്ങൾക്കും സജീവ പങ്കാളികളാകാൻ അവസരമൊരുക്കും.

കാക്കനാട് സിവിൽ സ്റ്റേഷനിൽ ഫയർ മോക്ഡ്രിൽ സംഘടിപ്പിച്ചു

തൃക്കാക്കര: ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, സിവിൽ ഡിഫൻസ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ കാക്കനാട് സിവിൽ സ്റ്റേഷനിൽ ഫയർ മോക്ഡ്രിൽ നടന്നു.

അടിയന്തര സാഹചര്യങ്ങളിൽ ജീവനക്കാരെയും പൊതുജനങ്ങളെയും സുരക്ഷിതമായി ഒഴിപ്പിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായാണ് പരിശീലനം സംഘടിപ്പിച്ചത്.

അഞ്ചു നിലകളുള്ള കലക്ടറേറ്റ് സമുച്ചയത്തിൽ രീപ്പിടിത്തമോ മറ്റ് അടിയന്തര സാഹചര്യങ്ങളോ ഉണ്ടായാൽ സ്വീകരിക്കേണ്ട സുരക്ഷാ നടപടികൾ, ജനങ്ങളെ ഒഴിപ്പിക്കുന്നതിനുള്ള സംവിധാനം, ഏകോപനം എന്നിവ മോക്ഡ്രില്ലിലൂടെ വിലയിരുത്തി.

പരിശീലനത്തിൽ ജില്ലാ കലക്ടർ ജി. പ്രിയങ്ക ഫയർ എക്സ്റ്റിംഗിഷർ ഉപയോഗിച്ച് രീ അണയ്ക്കുന്ന രീതി നേരിട്ട് പ്രദർശിപ്പിച്ചു. അപകടസാധ്യതയേറിയ സ്ഥലങ്ങളിൽ മനുഷ്യർക്ക് നേരിട്ട് പ്രവേശിക്കാനാകാത്ത സാഹചര്യത്തിൽ റോബോട്ടിന്റെ സഹായത്തോടെ രീ അണയ്ക്കുന്ന സാങ്കേതിക വിദ്യയും പരിചയപ്പെടുത്തി.

ഫയർ ആൻഡ് റെസ്ക്യൂ ഉദ്യോഗസ്ഥർക്കൊപ്പം സിവിൽ ഡിഫൻസ് വോളന്റിയർമാരും പങ്കാളികളായി. റോപ്പ് റെസ്ക്യൂ, സ്ട്രെച്ചർ റെസ്ക്യൂ, എമർജൻസി മെഡിക്കൽ ട്രയാജ്, പ്രാഥമശുശ്രൂഷ എന്നിവ മോക്ഡ്രില്ലിന്റെ ഭാഗമായി നടപ്പിലാക്കി.

അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് കെ. മനോജ്, ഡി.ഡി.എംഎ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഡെപ്യൂട്ടി കലക്ടറുമായ ജോസഫ് സ്റ്റീഫൻ റോണി, ജില്ലാ ഫയർ ഓഫീസർ എ.എസ്. ജോജി, തൃക്കാക്കര സ്റ്റേഷൻ ഓഫിസർ ബി. ബൈജു, കുഫ് റോഡ് സ്റ്റേഷൻ ഓഫീസർ അഭിജിത്ത്, ഗാന്ധി നഗർ അസി. സ്റ്റേഷൻ ഓഫീസർ സുരേഷ് കുമാർ, ജില്ലാ കേർഡിനേറ്റർ എസ്. ശരത്, എം.പി. നിസാം, സിവിൽ ഡിഫൻസ് ഭാരവാഹികളായ മാത്യു സി. ജോർജ്, പി.എം. മാഹിൻകുട്ടി തുടങ്ങിയവർ നേതൃത്വം നൽകി.

ആലുവ ജനറൽ ഹോസ്പിറ്റലിലെ ഡോ. സുജിത് ചന്ദ്രന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീമും പങ്കെടുത്തു.

കാക്കനാട് സിവിൽ സ്റ്റേഷനിൽ നടന്ന ഫയർ മോക്ഡ്രിൽ

Truhome FINANCE

ട്രൂഹോം ഫിനാൻസ് ലിമിറ്റഡ് (മുമ്പ് ശ്രീറാം ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്)

ഹെഡ് ഓഫീസ്: ലെവൽ 3, വോക്ക്-ഹാർഡ് വേഴ്സ്, ഈസ്റ്റ് വിംഗ് സി-2 ബ്ലോക്ക്, ബാന്ദ്ര കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്), മുംബൈ-400051 ഫോൺ: 1800 102 4345 വെബ്സൈറ്റ്:www.truhomefinance.in

രജി. ഓഫീസ്: ശ്രീനിവാസ ടവർ, ഒന്നാം നില, ഡോർ നമ്പർ. 5, പഴയ നമ്പർ. 11, 2-ാം പ്രധാന, സെനറ്റോഫ റോഡ്, ആൽവാപേട്ട്, ടെനാംപേട്ട്, ചെന്നൈ-600018

അനുബന്ധം-IV-A (റൂൾ 8(6)ലെ വ്യവസ്ഥ കാണുക) സ്ഥാവര വസ്തുക്കളുടെ വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002 പ്രകാരം സ്ഥാവര വസ്തുക്കളുടെ ഇലക്ട്രോണിക് ലേല വിൽപ്പനയ്ക്കുള്ള നോട്ടീസ്. സെക്യൂരിറ്റി പലിശ (എൻഫോഴ്സ്മെന്റ്) 2002 നിയമങ്ങളുടെ 8(6)റൂവവ്വവായോടെ

ട്രൂഹോം ഫിനാൻസ് ലിമിറ്റഡിൽ (മുമ്പ് ശ്രീറാം ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്) പണയം വച്ചിരിക്കുന്നതും ട്രൂഹോം ഫിനാൻസ് ലിമിറ്റഡ് ഭൗതികമായി കൈവശം വച്ചിരിക്കുന്നതുമായ താഴെ വിവരിച്ച സ്ഥാവര വസ്തുക്കൾ, വായ്പക്കാരിൽ നിന്നും ഗ്യാരണ്ടർമാരിൽ നിന്നും ട്രൂഹോം ഫിനാൻസ് ലിമിറ്റഡിന് നൽകേണ്ട ബാക്കി തുക തിരിച്ചുപിടിക്കുന്നതിനായി, 21.11.2026 ന്, ഉച്ചയ്ക്ക് 11.00 നും 12.00 ഇടയ്ക്ക് വിൽക്കുമെന്ന് പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വായ്പക്കാർക്കും ഗ്യാരണ്ടർക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു.

വായ്പക്കാരുടെയും ഗ്യാരണ്ടർമാരുടെയും വിശദവിവരങ്ങളും അടയ്ക്കേണ്ട തുകയും സ്ഥാവര വസ്തുവിന്റെ വിവരവും റിസർവ് വിലയും മുൻകൂർ പണ നിക്ഷേപവും പരിശോധന തീയതിയും താഴെ കൊടുക്കുന്നു

വായ്പക്കാർ/സഹ വായ്പക്കാർ/ഗ്യാരണ്ടർമാർ/പണയക്കാരുടെ പേരുകൾ	നിക്ഷേപ തുകയും ഡിമാൻഡ് നോട്ടീസ് തീയതിയും	റിസർവ് വില (രൂപയിൽ) & ബിഡ് ഇൻക്രിമെന്റ്	ലേല തീയതിയും സമയവും	ബന്ധപ്പെടേണ്ട വർ (എ. ഡിഡ് പോസൽ ടീം)
1. ശ്രീ. സുനിൽ കെ. സോമൻ s/o സി കെ സോമൻ, കുളിത്തി തുണ്ടിയിൽ, കിഴുക്കര, കോഴഞ്ചേരി ഇന്റഗ്രൽ ആശുപത്രിക്ക് സമീപം, കോഴഞ്ചേരി, പത്തനംതിട്ട-689641 പ്ലെം ടിപ് ടോപ്പ് ഹെയർ സ്റ്റൈറ്റ് ബ്യൂട്ടിപാർലർ (പ്രൊപ്രൈറ്റർഷിപ്പ്), പൊയ്യനിൽ പ്ലാസ, ഐരവൺ പമ്പിനു സമീപം, കോഴഞ്ചേരി, പത്തനംതിട്ട-689641 2. ശ്രീമതി. ശ്രീഷ്മ മോഹൻ w/o സുനിൽ കെ സോമൻ, കുളിത്തി തുണ്ടിയിൽ, കിഴുക്കര, കോഴഞ്ചേരി ഇന്റഗ്രൽ ആശുപത്രിക്ക് സമീപം, കോഴഞ്ചേരി, പത്തനംതിട്ട-689641 ലോണ് അക്കൗണ്ട് നമ്പർ- SBTHCOCH0000342 & STUHCOCH343 കൈവശപ്പെടുത്തിയ തീയതിയും തരവും 26 ഓഗസ്റ്റ് 2026 ജൗതി